File No.B1/123/2021-SEC

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടിക്രമം**
(ഹാജർ: എ.സന്തോഷ്)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- പൊതുതിരഞ്ഞെടുപ്പ് 2020- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള രേഖകൾ നശിപ്പിക്കുന്നത് - ഉത്തരവ് താൽക്കാലികമായി മരവിപ്പിക്കുന്നു .

പരമാർശം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 29.12.2021-ലെ ബി1/123/2021/സം.തി.ക നമ്പർ ഉത്തരവ്.

ഉത്തരവ്

ഉത്തരവ് നം.B1/123/2021-SEC

തീയതി: **30/03/2022**

സംസ്ഥാനത്തെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും 2020-ൽ നടന്ന പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ടെന്റേർഡ് ബാലറ്റ് പേപ്പറുകളുടെ പായ്ക്കറ്റുകൾ, വോട്ടർപ്പട്ടികയുടെ അടയാളപ്പെടുത്തിയ പകർപ്പ് അടങ്ങിയ പായ്ക്കറ്റുകൾ, വോട്ട് രജിസ്റ്റർ തുടങ്ങി സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള എല്ലാ രേഖകളും കോടതി കേസുകളോ മറ്റ് വിധത്തിൽ കോടതി ഉത്തരവുകളോ ഇല്ലാത്തപക്ഷം 2022 ജനുവരി 10-ന് ശേഷം അതാത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നശിപ്പിക്കാൻ ഏർപ്പാടാക്കേണ്ടതാണെന്ന് പരാമർശം പ്രകാരം കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ളതും പ്രസ്തുത കാലപരിധി കഴിഞ്ഞതുമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ കൺട്രോൾ യൂണിറ്റുകളും ഡി .എം.എം (ഡിറ്റാച്ചിബിൾ മെമ്മറി മൊഡ്യൂൾ)കളും സുരക്ഷിത സൂക്ഷിപ്പിൽ നിന്ന് തിരികെ എടുത്ത് ഫസ്റ്റ് ലെവൽ ചെക്കിംഗ് ആവശ്യത്തിലേക്ക് ജില്ലകളിലെ വെയർഹൗസിൽ സൂക്ഷിക്കേണ്ടതാണെന്നും ഉത്തരവായിരുന്നു. ബഹു. സുപ്രീം കോടതിയുടെ Re: Cognizance for Extension of Time കേസിലെ 23.09.2021 തീയതിയിലെ ഉത്തരവ് പ്രകാരം 15.03.2020 നും 02.10.2021 നും മദ്ധ്യേയുള്ള limitation period 01.01.2021 വരെ ദീർഘിപ്പിച്ചിരുന്നതിനാലാണ് പ്രസ്തുത രേഖകൾ 2022 ജനുവരി 10-ന് ശേഷം നശിപ്പിക്കാൻ ഉത്തരവായിരുന്നത്.

എന്നാൽ, ബഹു. സുപ്രീം കോടതിയുടെ Re: Cognizance for Extension of Time കേസിലെ 10.01.2022 തീയതിയിലെ ഉത്തരവ് പ്രകാരം 15.03.2020 നും 28.02.2022 നും മദ്ധ്യേയുള്ള limitation period 01.03.2022 മുതൽ 90 ദിവസം വരെ ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് ഹർജികൾ 30.05.2022 വരെ ഫയൽ ചെയ്യാൻ കഴിയുന്നതാണ്. ഈ സാഹചര്യത്തിൽ കമ്മീഷന്റെ 29.12.2021-ലെ പരാമർശം ഉത്തരവ് 30.05.2022 വരെ താൽക്കാലികമായി മരവിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signature valid
Digitally signed by A SANTHOSH
Date: 2022.03.30 17:16:33 IST
Reason: Approved

**എ.സന്തോഷ്**
**സെക്രട്ടറി**

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
പകർപ്പ്:-
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

കംപ്യൂട്ടർ പ്രോഗ്രാമർ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കമ്മീഷണറുടെ പി.എസ്/കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

---

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in